# 2019-ലെ [illegible] ([illegible]) (2-ാം [illegible])
# [illegible]
# [illegible]

2019 നവംബർ 7-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1145/2019.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | ഘടന | : | v |
| 2. | റിപ്പോർട്ട് | : | 1 |
| 3. | അനുബന്ധം : | | |
| | (I) വിയോജനക്കുറിപ്പ് | : | 3 |
| | (II) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | : | 5 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2019-2021)

### ഘടന

അദ്ധ്യക്ഷൻ :

പ്രൊഫ. സി. രവീന്ദ്രനാഥ്,

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ഡോ. കെ. ടി. ജലീൽ,

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. എം. സി. കമറുദ്ദീൻ

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കായി അയച്ച '2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ' (ബിൽ നമ്പർ 226), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. '2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ' 2019 ഒക്ടോബർ 26-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 നവംബർ 4-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2019 നവംബർ 5-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(i) ദീർഘശീർഷകത്തിൽ, "2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും" എന്ന വാക്കുകൾക്കുശേഷം "വീണ്ടും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) പീഠികയിൽ " താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി" എന്ന വാക്കുകൾക്കുശേഷം "വീണ്ടും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2019 നവംബർ, 5.

അനുബന്ധം I

## വിയോജനക്കുറിപ്പ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ നിയമന കാലയളവ് ഏകീകരിക്കുന്നതിന് കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി നിയമം പ്രത്യക്ഷത്തിൽ ദോഷകരമല്ലെന്ന് തോന്നുമെങ്കിലും ടി സർവ്വകലാശാലകളിലെ നിലവിലുണ്ടായിരുന്ന രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരെ പുറത്താക്കി സർക്കാരിന് താല്പര്യമുള്ള വ്യക്തികളെ പ്രസ്തുത സ്ഥാനത്ത് അവരോധിക്കുവാൻ വേണ്ടിയുള്ള ഒന്നാണ്. ഈ നിയമഭേദഗതി ഓർഡിനൻസിലൂടെ 2019 മാർച്ച് 6 മുതൽ നടപ്പിലാക്കിയത് തന്നെ പ്രസ്തുത ഉദ്ദേശത്തോടുകൂടിയാണ്. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ ഉദ്ദേശശുദ്ധി സംശയകരമാണ്. ആയതിനാൽ ഈ ഭേദഗതി നിയമത്തിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

പി. കെ. അബ്ദു റബ്ബ് (ഒപ്പ്)

ഷാഫി പറമ്പിൽ (ഒപ്പ്)

1145/2019.

## അനുബന്ധം II

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടുള്ള സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു]

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 10-ാം വകുപ്പിൽ, (iii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iii എ) പരീക്ഷാ കൺട്രോളർ;";

(ബി) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ രജിസ്ട്രാറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1 എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 13-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"13 എ. പരീക്ഷാ കൺട്രോളർ.—(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന, രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.";

(ഡി) 14-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ ഫൈനാൻസ്

ആഫീസറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ട താണ്.

(1എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

3. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 32-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(6) രജിസ്ട്രാറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവന വ്യവസ്ഥകൾക്കും അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്ന തുമാണ്.

(7) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 33-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(5) പരീക്ഷാ കൺട്രോളറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവനവ്യവസ്ഥകൾക്കും അദ്ദേഹം അർഹനായിരിക്കുന്നതുമാണ്.

(6) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 34-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും നിയമിക്കേണ്ടതുമാണ്.

(1 എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

4. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 16-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3) രജിസ്ട്രാറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. രജിസ്ട്രാറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(3 എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ മൂന്നാമത്തെ വാക്യത്തിന് പകരം താഴെപ്പറയുന്ന വാക്യം ചേർക്കേണ്ടതാണ്, അതായത് :—

"ഫൈനാൻസ് ഓഫീസറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതു വരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്.";

(ii) (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(1 എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 18-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(2) പരീക്ഷാ കൺട്രോളറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. പരീക്ഷാ കൺട്രോളറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(2 എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധികകാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

5. <u>നിലവിലുള്ള രജിസ്ട്രാർമാരെയും പരീക്ഷാ കൺട്രോളർമാരെയും ഫൈനാൻസ് ഓഫീസർമാരെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ</u>.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലോ (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (2015-ലെ 17) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മുകളിൽ പറഞ്ഞ ആക്റ്റുകൾ പ്രകാരം രൂപീകരിച്ചിട്ടുളള സർവ്വകലാശാലകളിലെ നിലവിലുള്ള രജിസ്ട്രാർമാരോ പരീക്ഷാ കൺട്രോളർമാരോ ഫൈനാൻസ് ഓഫീസർമാരോ, അതതുസംഗതിപോലെ, അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിലേതാണോ ആദ്യം, പൂർത്തിയാക്കിയിട്ടുള്ളിടത്ത് ഈ ആക്റ്റിന്റെ പ്രാബല്യ ത്തീയതിയിലും അന്ന് മുതൽക്കും അവരുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ട താണ്. ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ പൂർത്തിയാക്കിയിട്ടില്ലാത്ത രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർമാരുടെയോ സംഗതിയിൽ, അവർ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിൽ ഏതാണോ ആദ്യം അതുവരെ അവരുടെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്. മറ്റു വകുപ്പുകളിൽ നിന്ന് നിയമിക്കപ്പെട്ടതും അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവ് അല്ലെങ്കിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗം ഒഴിഞ്ഞിട്ടുള്ളതുമായ

രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർ മാരുടെയോ സംഗതിയിൽ അവരുടെ മാതൃവകുപ്പിൽ ബാധകമായിട്ടുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച നിയമം ബാധകമാക്കേണ്ടതാണ്.

6. റദ്ദാക്കലും ഒഴിവാക്കലും.—2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് (2019-ലെ 35) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ, 5.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*